**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | **കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ കീക്കാംകോട്ട് ഗവ.എൽ.പി.സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിൽ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**കൂടാതെ ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ പദ്ധതി) നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ബല്ല ഈസ്റ്റ് ഗവ.ഹൈസ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ഇവയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | **കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ കീക്കാംകോട്ട് ഗവ.എൽ.പി.സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിൽ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**കൂടാതെ ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ പദ്ധതി)** |

| | | | |
|---|---|---|---|
| | | | **നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ബല്ല ഈസ്റ്റ് ഗവ.ഹൈസ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ